# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1942** **06.07.2015-ൽ മറുപടിയ്ക്ക്**

**പുനർനടീലിന്റെ ഭാഗമായുള്ള വനമേഖലയിലെ തീയിടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് വനംവകുപ്പ് പുനർനടീലിന്റെ ഭാഗമായി വനമേഖല തീയിടുന്ന രീതി നിലവിലുണ്ടോ ; | (എ) | അടക്കിമുറി നടന്ന തോട്ടങ്ങളിൽ പുനർനടീൽ നടത്തുന്നതിന്റെ ഭാഗമായി ഉണങ്ങിക്കിടക്കുന്നതായ കുറ്റികളും, മറ്റു ചപ്പു ചവറുകളും പല ഭാഗങ്ങളിലായി കൂട്ടി വെച്ച് തീയിടുന്ന രീതി നിലവിലുണ്ട്. വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ട തടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം വനംവകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് ചെയ്തു വരുന്നത്. എന്നാൽ സ്വാഭാവിക വനങ്ങളിൽ ഇതു ചെയ്യാറില്ല. |
| (ബി) | ഇത് വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെയും ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള പല സസ്യങ്ങളുടെയും നാശത്തിനിടയാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | മേൽ പ്രവൃത്തി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ചെയ്തു വരുന്നതിനാൽ മറ്റ് ഭാഗങ്ങളിലേയ്ക്ക് തീ പടരുന്നില്ല. ആയതുകൊണ്ടു തന്നെ മറ്റ് ജീവജാലങ്ങൾക്കും, സസ്യലതാദികൾക്കും നാശം സംഭവിക്കുന്നില്ല. |
| (സി) | വനം വൃത്തിയാക്കുന്നതിന് ഇത്തരത്തിലുള്ള രീതി അവലംബിക്കുന്നത് മൂലം വന്യജീവികൾ കൂട്ടത്തോടെ | (സി) | അടക്കിമുറി നടത്തിയ തോട്ടങ്ങളിൽ വീണ്ടും തോട്ടം വെച്ചു പിടിപ്പിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് തടിയും, വിറകും മറ്റും ശേഖരിച്ചു |

നാട്ടിലേയ്ക്ക് പാലായനം ചെയ്യുന്നതിന് ഇടയാക്കുമെന്നും കർഷകരുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കഴിഞ്ഞ ശേഷം അവശിഷ്ടങ്ങളും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നത്. ഇതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങുകയോ കർഷകർക്കും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യാറില്ല.

(ഡി) വന്യജീവികളെ കൊന്നും ആവാസവ്യവസ്ഥ നശിപ്പിച്ചുമുള്ള ഈ പ്രക്രിയ തുടരുന്നത് സംബന്ധിച്ച് ഒരു പുനർചിന്തനത്തിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

(ഡി) വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ട തടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം നിയന്ത്രിത രീതിയിലുള്ള തീയിടൽ ആകയാൽ മേൽ പ്രവൃത്തി മൂലം വന്യജീവികളുടെ ആവാസ വ്യവസ്ഥ നശിപ്പിക്കപ്പെടുന്നില്ല.

സെക്ഷൻ ഓഫീസർ.